(എഫ്) പല ഹൈടെക് ബസ്സുകളിലേയും സീറ്റ് സംവിധാനം യാത്രക്കാർക്ക് അസൗകര്യം ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 488 എണ്ണം.

(ബി) ടാറ്റാ, അശോക് ലൈലാന്റ് എന്നീ കമ്പനികളിൽ നിന്നാണ് ബസ് ചേസിസ് വാങ്ങുന്നത്. ചേസിസ് ഒന്നിന് ഈ കമ്പനികൾ ഈടാക്കുന്ന തുക താഴെക്കൊടുത്തിരിക്കുന്നു.

ടാറ്റാ	..	7,02,069 രൂപ.
അശോക് ലൈലാന്റ്	..	7,44,521 രൂപ.

(സി) കെ. എസ്. ആർ. ടി. സി.-യുടെ വർക്ക്ഷോപ്പുകളിലും കൂടാതെ പ്രമുഖ ബോഡി നിർമ്മാതാക്കളായ ഇരിസാർ ടി.വി.എസ്., ഹാർഷാ വീൽ മുവേഴ്സ്, ബാംഗ്ലൂർ, ശ്രീ ശക്തി ഇൻഡസ്ട്രീസ്, കരൂർ, റോയൽ എൻജിനീയറിംഗ് കമ്പനി, കരൂർ, ഹൈ ടെക് ഓട്ടോ ക്രാഫ്ട്, ആലപ്പുഴ, പോപ്പുലർ മെഗാ മോട്ടോർ, പള്ളിക്കൽ എന്നിവിടങ്ങളിൽനിന്നുമാണ് ബോഡി ചെയ്യുന്നത്.

(ഡി) ബോഡി നിർമ്മാണത്തിന് മേൽപ്പറഞ്ഞ കമ്പനികൾക്ക്, ട്രാൻസ്പോർട്ടേഷൻ കൂടാതെ ഒന്നിന്

ഫാസ്റ്റ് പാസഞ്ചർ	..	5,12,550 രൂപ.
സൂപ്പർ ഫാസ്റ്റ്	..	5,48,000 രൂപ.
(ഇ) ഫാസ്റ്റ് പാസഞ്ചർ	..	6,73,366രൂപ.
സൂപ്പർ ഫാസ്റ്റ്	..	7,47,992 രൂപ.(ബോഡി കിറ്റ് വാങ്ങി ചെയ്യുമ്പോൾ)

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി

60 [1367] ശ്രീ. എ. എൻ. രാജൻ ബാബു:

" ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പുതുതായി ഇറക്കിയ ബസ്സുകൾ ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിയുന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഇത്തരം ബസ്സുകൾ സർവ്വീസിനായി നിരത്തിലിറക്കുന്ന കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ. എസ്. ആർ. ടി. സി.-യുടെ പുതിയ ബസ്സുകൾ ഉൾപ്പെടെ മാസത്തിലൊരിക്കൽ എങ്കിലും അവ കഴുകി വൃത്തിയാക്കുന്നതിനും മറ്റും സംവിധാനം ഏർപ്പെടുത്തുമോ;

(സി) പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ രണ്ട് ഡോറുകളും ഉപയോഗിക്കാത്തതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണിക്കുന്നതാണ്.

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകൾ പതിവായി കഴുകി വൃത്തിയാക്കി സർവ്വീസ് നടത്തുന്നതിനുള്ള സംവിധാനം ഉണ്ട്. പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്.

(സി) രണ്ട് ഡോറുകളും ഉപയോഗിക്കുന്നുണ്ട്.

പ്രൈവറ്റ് ബസ്സുകളുടെ മൽസര ഓട്ടം

61 [1369] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ പ്രൈവറ്റ് ബസ്സുകളുടെ മൽസര ഓട്ടം നിമിത്തം അപകടങ്ങൾ പതിവാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിത വേഗത്തിൽ ഓടുന്ന പ്രൈവറ്റ് ബസ്സുകളെ നിയന്ത്രിക്കുന്നതിനും, ശിക്ഷ നൽകുന്നതിനും നിലവിൽ നിയമമുണ്ടോ; എങ്കിൽ ഈ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അമിത വേഗത്തിൽ ഓടുന്ന ബസ്സുകളെ നിയന്ത്രിക്കുന്നതിനും ശിക്ഷ നൽകുന്നതിനും നിലവിൽ നിയമമുണ്ട്. ഇവ നടപ്പിലാക്കുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly